ഉത്തരം

(എ) പുതുതായി കേരളത്തിന് അനുവദിച്ച ബി. എസ്. എഫ്. യൂണിറ്റ് നൂറനാട് കുഷ്ഠരോഗാശുപത്രിയുടെ വകയായ സ്ഥലത്ത് സ്ഥാപിക്കുന്നതു സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ കത്ത് ലഭിച്ചിട്ടുണ്ട്.

ഇതു കൂടാതെ നെടുമ്പാശ്ശേരി എയർപോർട്ടിനടുത്തായി ബി. എസ്. എഫ്. യൂണിറ്റ് സ്ഥാപിക്കുന്നതിനായി 85 ഏക്കർ സ്ഥലം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 26-4-2005-ൽ മറ്റൊരു കത്തും സർക്കാരിന് ലഭിച്ചിട്ടുണ്ട്. രണ്ടു പ്രൊപ്പോസലുകളും ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് പരിശോധിച്ചുവരുന്നു.

(ബി) & (സി) ഇക്കാര്യം ആരോഗ്യ വകുപ്പ് പരിശോധിച്ചുവരുന്നു.

(ഡി) ആരോഗ്യ വകുപ്പ് സ്ഥലം വിട്ടുതരുന്നതനുസരിച്ച് നൽകാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

വനം-പണമിടപാട് മാഫിയാ ആക്രമണത്തിൽ മരണമടഞ്ഞവർ

112 [68] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ പണമിടപാട്, മാഫിയ, വനം മാഫിയ സംഘങ്ങളുടെ ആക്രമണത്തിൽ എത്ര പേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്;

(ഡി) എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ പണമിടപാട്, മാഫിയ, വനം മാഫിയ സംഘങ്ങളുടെ ആക്രമണത്തിൽ ആരും മരണമടഞ്ഞിട്ടില്ല.

(ബി) -(ഡി) ഉത്തരം (എ) - യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly